# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.870 — 01.03.2017 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാനുള്ള മാർഗ്ഗങ്ങൾ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഉത്തരം<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| (എ) വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലെത്തി കൃഷി നശിപ്പിക്കുകയും നാട്ടിലുള്ള വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണി ആവുകയും ചെയ്യുന്നത് തടയുന്നതിന് പുതുതായി എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലെത്തി കൃഷി നശിപ്പിക്കുകയും നാട്ടിലുള്ള വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണി ആവുകയും ചെയ്യുന്നത് തടയുന്നതിന് നിലവിൽ അവലംബിച്ചു വരുന്ന മാർഗ്ഗങ്ങൾ കൂടാതെ പുതിയതായി പഞ്ചായത്ത് മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 07.02.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം.51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ് ടി ജനജാഗ്രതാ സമിതി. കൂടാതെ ജനവാസ മേഖലയിൽ ആനയോ മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ, പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുവാനുള്ള Early Warning SMS Alert System നടപ്പിലാക്കുവാനുമുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇത് മൂന്നാർ, വയനാട്, ആറളം മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ